# ആദിത്യഗീത



## ആദിത്യഗീത

മലമേൽ നിന്നീ
യിളമേൽ ചുറ്റാൻ
വലനെയ്യുന്നോ
ദിനദേവാ

ഉദയം കാണാ
നുണരുന്നോർക്കായ്
കിരണം കാട്ടും
ഭുവനേശാ.

ഒരു ജന്മത്തിൻ
സുകൃതംപോലെ
ഒരുമിച്ചെല്ലാം
കാണുന്നു

മറയില്ലാതെ
കറയില്ലാതെ
നിറമായ് തരമായ്
വെവ്വേറെ.

കരളിൽതട്ടി
ക്കുളിരുണ്ടാക്കി
പ്പൊഴിയും മഞ്ഞിൻ
കണമെല്ലാം

വലയിൽ പൊട്ടി
ച്ചിതറിച്ചന്തം
പലതായ് മണ്ണിൽ
പ്പതിയുന്നു

കിളരംചാടി
ക്കുശലം പറയാൻ
കിളിപാടുന്നൂ
കളഗാനം

ഇരതേടാനാ
യിവരെല്ലാവരും
തിരപോൽചുറ്റി
ത്തിരിയുന്നു

പുറമേ കണ്ണും
ചെവിയും മൂക്കും
തൊലിയും നാക്കും
പോകുമ്പോൾ

അകമേ ചോദ്യം
ക്ഷിതിയും വിണ്ണും
പ്രതിഭാസിയ്ക്കും
കാര്യങ്ങൾ

എരിയും വെയിലായ്
ചൊരിയുന്നുച്ച
യ്ക്കഭയം നിഴലിൻ
തണലാണോ

വെയിലും നിഴലും
തരുമെന്നാലും
വെളിവില്ലാത്തോ
രീ ഞങ്ങൾ

തളിരും താരും
തളരും നേരം
തരളം ചെമ്മേ
ചായിയ്ക്കും

നിയതം സായം
നിപതിപ്പിയ്ക്കും
നിവിരാനായി
ത്താലോലം

പകലിന്നന്ത്യം
പണിചെയ്തെന്തേ
കടലിൽച്ചാടി
ച്ചാകുന്നു

പകലായ്ത്തന്നീ
ഭുവനം കാണാൻ
കൊതിതുള്ളുന്നു
ഞങ്ങൾക്ക്

ദിനകൃത്യങ്ങൾ
വഴിപോൽ ചെയ്തീ
യുലകം പോറ്റാൻ
നീ വേണം

ദയ കാട്ടാതെ
ജനനം മരണം
ദിനവും വരുവാൻ
വിധിയെന്തേ.

■ ■ ■